21.07.2018

## പരിമിതികള്‍ക്ക് സ്വപ്നങ്ങളെ പിടിച്ചുകെട്ടാന്‍ കഴിയില്ലെന്ന് ക്യാമ്പസ് സംവിധായകര്‍

ചെറിയ സൗകര്യങ്ങള്‍ ഉപയോഗിച്ച് ചലച്ചിത്രങ്ങള്‍ എടുക്കുന്നവര്‍ക്കുള്ള അവസരമാണ് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേളയെന്ന് ക്യാമ്പസ് സംവിധായകര്‍. പതിനൊന്നാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേളയോട് അനുബന്ധിച്ച് നടന്ന മീറ്റ് ദ പ്രസില്‍ പങ്കെടുക്കവെയാണ് ക്യാമ്പസ് സംവിധായകരായ നിപിന്‍ നാരായണന്‍, ഗോകുല്‍ ആര്‍. നാഥ്, ശങ്കര്‍ എന്നിവര്‍ ഈ അഭിപ്രായം പങ്കുവെച്ചത്. പഠനത്തിന്റെ ഭാഗമായി അധ്യാപകര്‍ നല്‍കിയ വിഷയങ്ങള്‍ അടിസ്ഥാനമാക്കിയാണ് പല ക്യാമ്പസ് സംവിധായകരും ആദ്യസംരംഭത്തിന് തുടക്കം കുറിച്ചത്. സാഹചര്യങ്ങളും പരിമിതികളും സ്വപ്നങ്ങളെ പിടിച്ചുകെട്ടില്ലെന്നാണ് തങ്ങളിലെ സംവിധായകര്‍ തെളിയിച്ചെന്നും നിപിന്‍ നാരായണ്‍ പറഞ്ഞു. മുന്‍കാലങ്ങളില്‍ ഫിലിം ഇന്‍സ്റ്റിറ്റ്യൂട്ടില്‍ നിന്ന് പഠിച്ചിറങ്ങിയവരാണ് ഹ്രസ്വ ചിത്രങ്ങള്‍ എടുത്തിരുന്നത്. എന്നാല്‍ ആ അവസ്ഥ മാറിയിരിക്കുന്നു. സാങ്കേതിക വിദ്യയുടെ വളര്‍ച്ച സാധാരണക്കാര്‍ക്കും സിനിമയെടുക്കാവുന്ന അവസ്ഥയിലെത്തിച്ചതായി ഗോകുല്‍ ആര്‍ നാഥ് അഭിപ്രായപ്പെട്ടു. മികച്ച സിനിമകള്‍ക്ക് ഇത്തരം മേളകള്‍ വേദിയാവുന്നത് സന്തോഷകരമാണെന്നും സംവിധായകര്‍ അഭിപ്രായപ്പെട്ടു. സംവിധായകരായ സജീദ് നടുത്തുടി, ഷാജി മതിലകം, അഭിലാഷ് വിജയന്‍, ആദിത്യ എന്നിവരും പരിപാടിയില്‍ പങ്കെടുത്തു.

## 55 ചിത്രങ്ങള്‍, എന്‍ഗേജിങ് വിത്ത് സെക്ഷ്വാലിറ്റിയുടെ ഏക പ്രദര്‍ശനം

മേളയുടെ മൂന്നാം ദിനമായ ഇന്ന് (22.7.18) 14 വിഭാഗങ്ങളിലായി 55 ചിത്രങ്ങള്‍ പ്രദര്‍ശിപ്പിക്കും. കോളനിവത്കരണവും കുടിയേറ്റവും ദുരിതക്കയത്തിലാക്കിയ കുടുംബത്തിന്റെ കഥ പറയുന്ന അബു, ഗോസ്റ്റ് ഹണ്ടിംഗ്, വാരിയര്‍, ദ് സൈലന്റ്

ചൈൽഡ് എന്നിവയാണ് രാജ്യാന്തര വിഭാഗത്തിലെ ചിത്രങ്ങൾ. ഷോർട്ട് ഫിക്ഷൻ, ക്യാമ്പസ് ഫിലിം, ലോങ് & ഷോർട് ഡോക്യുമെന്ററി മത്സര വിഭാഗങ്ങളിലായി 19 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

ബാബ്റി മസ്ജിദിനെതിരെ നടത്തിയ പ്രചാരണങ്ങളും വർഗ്ഗീയ കലാപങ്ങൾക്ക് ഇടയാക്കിയ സാഹചര്യങ്ങളും പകർത്തിയ ആനന്ദ് പട് വർദ്ധന്റെ ശ്രദ്ധേയമായ രാം കെ നാം എന്ന ചിത്രം ഇന്ന് രാവിലെ 11.45 ന് പ്രദർശിപ്പിക്കും. ആനിമേഷൻ വിഭാഗത്തിൽ ഹൈഡ് ആന്റ് സീക്ക്, ക്യൂരിയോസിറ്റി, കാക്കക്കൂട് എന്നിവ ഉൾപ്പെടെ 5 ചിത്രങ്ങളാകും ഇന്ന് പ്രദർശിപ്പിക്കുക.

മ്യൂസിക് വീഡിയോകളുടെ ഏക പ്രദർശനം ഇന്ന് ശ്രീ തിയേറ്ററിലാണ് നടക്കുന്നത്. വൈറ്റ് കാരിദെയ്, ഡിസ്പ്ലെയ്സ്മെന്റ്, ഫൈനൽ ഓഫറിങ് തുടങ്ങിയ 8 വീഡിയോകളാണ് പ്രദർശനത്തിനുള്ളത്. കെ.ആർ. മനോജിന്റെ വർക്ക് ഓഫ് ഫയറിന്റെ പ്രത്യേക പ്രദർശനം വൈകിട്ട് 6.15 ന് ശ്രീ തിയേറ്ററിൽ നടക്കും. ഉത്സവാഘോഷങ്ങൾക്ക് ഒഴിച്ചുകൂടാനാകാത്ത പടക്കനിർമ്മാണ വ്യവസായത്തിന്റെ ആവശ്യകതയെ ചോദ്യം ചെയ്യുന്നതാണ് ഇതിന്റെ പ്രമേയം.

എൻഗേജിങ് വിത്ത് സെക്ഷ്വാലിറ്റി വിഭാഗത്തിൽ ഏക പ്രദർശനവും ഇന്ന് നടക്കും. അഞ്ചു സിനിമകളാണ് ഈ വിഭാഗത്തിൽ പ്രദർശനത്തിനുള്ളത്. ഗൗരി ലങ്കേഷിന്റെ ജീവിതത്തെ ആസ്പദമാക്കി ചിത്രീകരിച്ച ഡോക്യുമെന്ററി നമ്മ ഗൗരി, സിനിഫീലിയ വിഭാഗത്തിൽ ഹെൻറി ലങ്ഗ്ലോയിസ് : ഫാന്റം ഓഫ് ദ സിനെമാത്തെക് എന്നിവയും ഇന്ന് മേളയിലുണ്ടാകും.

## സിഗ്നേച്ചർ ബോർഡിൽ ഡെലിഗേറ്റുകൾ 'അവൾക്കൊപ്പം'

രാജ്യാന്തര ഹ്രസ്വ ചിത്രമേളയോടനുബന്ധിച്ച് സ്ഥാപിച്ച സിഗ്നേച്ചർ ബോർഡിൽ ഡെലിഗേറ്റുകൾ ഒപ്പു രേഖപ്പെടുത്തി 'അവൾക്കൊപ്പം' പിന്തുണ പ്രഖ്യാപിച്ചു. കൈരളിയിൽ സ്ഥാപിച്ച സിഗ്നേച്ചർ ബോർഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ, ആനന്ദ് പട് വർദ്ധൻ, രാകേഷ് ശർമ്മ തുടങ്ങിയവരും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് പ്രതിനിധികളിൽ മിക്കവരും അവൾക്കൊപ്പം എന്ന ഹാഷ് ടാഗുകളുമായാണ് ഒപ്പ് രേഖപ്പെടുത്തിയത്. ഫാസിസത്തിനെതിരെയും ചിലർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

കൈയ്യൊപ്പുകളോടൊപ്പം എഴുതിയ അവളോടൊപ്പം, വർഗ്ഗീയത തുലയട്ടെ തുടങ്ങിയ മുദ്രാവാക്യങ്ങൾ രാജ്യത്ത് വർദ്ധിച്ചുവരുന്ന സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾക്കും കുറ്റകൃത്യങ്ങൾക്കുമെതിരെയുള്ള പ്രതിഷേധസ്വരം കൂടി യാണെന്നാണ് മേളയിലെത്തിയ സംവിധായകരുടെ അഭിപ്രായം.

തുടരും